# തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

# സിനിമാ നടൻ കൃഷ്ണകുമാറിന്റെ വീട്ടിൽ അതിക്രമിച്ചുകയറിയ ആൾ പിടിയിൽ

## നിരവധി മോഷണ കേസുകളിലെ പ്രതി പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 122 പേർക്കെതിരെ നിയമനടപടി 33,000/- രൂപ പിഴ ഈടാക്കി

**സിനിമാ നടൻ കൃഷ്ണകുമാറിന്റെ വീട്ടിൽ**

**അതിക്രമിച്ചുകയറിയ ആൾ പിടിയിൽ**

തിരുവനന്തപുരം:- സിനിമാ നടൻ കൃഷ്ണകുമാറിന്റെ വീട്ടിൽ അതിക്രമിച്ച കയറിയ ആളെ അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.




വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്ത
ഫസൽ ഉൾ അക്ബർ (27)

മലപ്പുറം ജില്ലയിൽ ഏറനാട്, പുളിയ്ക്കൽ കൊണ്ടോട്ടി മായക്കര കെ.സി.ബി ഹൗസിൽ താമസം ഫസൽ- ഉൾ- അക്ബർ (27) നെയാണ് അതിക്രമിച്ച കയറിയതിന് വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്തത്. 03.01.2021-ന് രാത്രി 09.30 നാണ് മരുതം കുഴി ജംഗ്ഷനിലുള്ള കൃഷ്ണകുമാറിന്റെ ഇരുനില വീട്ടിന്റെ മതിൽ ചാടി കടന്ന് വീടിന്റെ സിറ്റൗട്ടിലെത്തി സിനിമാ നടിയായ

മകളെ കാണണമെന്ന് ആവശ്യപ്പെടുകയായിരുന്നു. അസമയത്ത് പരിചയമില്ലാത്ത ആളിനെ മകളെ കാണിക്കാൻ കഴിയുകയില്ലായെന്ന് അറിയിച്ചതിനെ തുടർന്ന് അയാൾ ബഹളം വയ്ക്കുകയും വീടിനകത്തേക്ക് അതിക്രമിച്ച കയറാൻ ശ്രമിക്കുകയുമായിരുന്നു. ഈ സമയം വട്ടിയൂർക്കാവ് പോലീസിനെ വിവരം അറിയിക്കുകയും സ്ഥലത്തെത്തിയ പോലീസ് അതിക്രമിച്ച കയറിയ ആളിനെ അറസ്റ്റ ചെയ്യുകയുമായിരുന്നു. മലപ്പുറം സ്വദേശിയായ ഇയാൾ കെ.എസ്.ആർ.ടി.സി ബസ്സിൽ തിരുവനന്തപുരത്ത് എത്തിയശേഷം ആട്ടോ റിക്ഷയിൽ സിനിമാ നടന്റെ വീട്ടിലെത്തുകയായിരുന്നു. പോലീസിന്റെ ചോദ്യം ചെയ്യലിൽ പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പറയുന്നത്. വട്ടിയൂർക്കാവ് എസ് എച്ച് ഓ ശാന്തകുമാർ, എസ്.ഐ മാരായ ജയപ്രകാശ്, ബിജു, എസ്.സി.പി.ഒ അനിൽകുമാർ എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി.

## നിരവധി മോഷണ കേസുകളിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- നിരവധി മോഷണ കേസുകളിലെ പ്രതി നേമം പോലീസിന്റെ പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അയിരൂപ്പാറ, ചന്തവിള, പാത്തുവിളയിൽ നൌഫിൽ മൻസിലിൽ റഫീസ് ഖാൻ (28) നെയാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്. ജൂവനൈൽ കാലം മുതൽ തിരുവനന്തപുരം സിറ്റിയിലും പരിസരപ്രദേശങ്ങളിലുമായി


നേമം പോലീസ് അറസ്റ്റ് ചെയ്ത
റഫീസ് ഖാൻ (28)

അമ്പതോളം മോഷണങ്ങൾ നടത്തിയ  കേസുകളിലെ പ്രതിയാണ് പിടിയിലായ റഫീസ് ഖാൻ. നേമം, കല്ലിയൂർ, ഊക്കോട് ജംഗ്ഷനു സമീപം ഗോപകുമാറിന്റെ വീടും, നേമം കല്ലിയൂർ ഊക്കോട് ജംഗ്ഷനു സമീപം  ജയപ്രസാദിന്റെ വീട്ടിലുമാണ് റഫീസ് ഖാന്റെ നേതൃത്വത്തിലുള്ള കൊടും കള്ളന്മാർ മോഷണം നടത്തിയത്. പകൽ സമയം ആട്ടോറിക്ഷയിലും ബൈക്കുകളിലും കറങ്ങി നടന്ന് ആളില്ലാത്ത വീട് കണ്ടുവച്ചതിനു ശേഷം രാത്രിയിൽ  വീടിന്റെ മുൻ വശം വാതിൽ പൊളിച്ചാണ് പ്രതികൾ മോഷണം നടത്തുന്നത്. ഇരു വീടുകളിൽ നിന്നുമായി സ്വർണ്ണാഭരണങ്ങൾ, ഡി.വി.ഡി പ്ലേയർ, സ്റ്റീരിയോ സിസ്റ്റം, പണം,  എന്നിവയാണ് പ്രതികൾ മോഷ്ടിച്ചത്. ഈ കേസിലെ കൂട്ടുപ്രതികളായ റിയാസ് ഖാൻ, ഷഫീഖ് എന്നിവർ നേരത്തെ തന്നെ നേ മം പോലീസിന്റെ പിടിയിലായിരുന്നു. ഇയാളെ  കല്ലിയൂർ,  കരുമം കണ്ണംകോട് ഭാഗത്ത് സുനിൽ കുമാറിന്റെ കടയിൽ നിന്നും സിഗരറ്റ് വാങ്ങിയതിന്റെ കാഷ് ചോദിച്ചതിന് കടക്കാരനെ ദേഹോപദ്രവം ഏൽപ്പിച്ച കേസിലെക്കും  അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതിക്കെതിരെ മുമ്പ്  അറസ്റ്റു ചെയ്യാൻ ശ്രമിച്ച സമയം പോലീസിനെ ആക്രമിച്ചതിനും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മോഷണ കേസുകൾ തെളിയിക്കുന്നതിനായി  തിരു.സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ദിവ്യ വി ഗോപിനാഥിന്റെ നിർദ്ദേശാനുസരണം നേമം എസ്.എച്ച്.ഒ യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപം നൽകുകയായിരുന്നു. നേമം എസ്.എച്ച്.ഒ അനൂപ് കൃഷ്ണ, എസ്.ഐ ദീപു, എ.എസ്.ഐ മാരായ ഷിബു, പത്മ കുമാർ എന്നിവരായിരുന്നു അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (04-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 122 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 44 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 64 പേരിൽ നിന്നും സാമൂഹികഅകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 33,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 10 വാഹനങ്ങൾക്കെതിരെയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുറന്ന് പ്രവർത്തിച്ച 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
04-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി